# പത്രക്കുറിപ്പ്

## പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന് വൈവിധ്യമാർന്ന പരിപാടികൾ

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷൻ സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളും മാലിന്യപ്രശ്നങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പൊതുജനങ്ങൾക്കും പുതുതലമുറയ്ക്കും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ഏവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള പരിപാടികളാണ് ഹരിതകേരളം മിഷൻ സംഘടിപ്പിച്ചിട്ടുള്ളത്.

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ജൂൺ 5 ചൊവ്വാഴ്ച വൈകുന്നേരം മൂന്നു മണിക്ക് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് ബഹു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിക്കും. ചടങ്ങിൽ ബഹു. വൈദ്യുതി മന്ത്രി ശ്രീ. എം.എം മണി മുഖ്യപ്രഭാഷണം നടത്തും. ശ്രീ. കെ.മുരളീധരൻ എം.എൽ.എ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ. വി.കെ പ്രശാന്ത് തുടങ്ങിയവർ പങ്കെടുക്കും. പരിസ്ഥിതി-ജലസംരക്ഷണം വിഷയമാക്കി ഹരിതകേരളം മിഷൻ നിർമിക്കുന്ന അനിമേഷൻ വീഡിയോ പരമ്പര ‘ഇനി ഞങ്ങൾ പറയും’ യുടെ പ്രകാശനം തദവസരത്തിൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കും.

പൊതുവിദ്യാലയങ്ങൾ ഹരിതവിദ്യാലയങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ഹരിതോത്സവം പരിപാടിയുടെ ഈ വർഷത്തെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5 ന് രാവിലെ തിരുവനന്തപുരത്ത് എസ്.എം.വി. ഹയർസെക്കന്ററി സ്കൂളിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കും. വിദ്യാർത്ഥികളെയും അവർക്കു ചുറ്റുമുള്ള പ്രകൃതിയെയും ഗാഢമായി ബന്ധിപ്പിച്ചുകൊണ്ട് ഹരിതസൗഹൃദമായ ഒരു വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക എന്നത് ലക്ഷ്യമാക്കി പത്ത് ഉത്സവങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടിയാണ് ഹരിതോത്സവം.

എല്ലാവർക്കും മണ്ണിലേക്കിറങ്ങാനും പച്ചപുതപ്പിക്കാനും അവസരമൊരുക്കുക യാണ് ഹരിതകേരളം മിഷൻ. ജൂൺ 5 ന് സംഘടിപ്പിക്കുന്ന വൃക്ഷതൈനടീൽ പരിപാടിയിലൂടെ 2017 ൽ 86 ലക്ഷം തൈകളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ നട്ടത്. ജൂൺ 5 ന് ആരംഭിക്കുന്ന തൈനടീൽ പദ്ധതിയിലൂടെ 2018 പൂർത്തിയാകുമ്പോൾ 3 കോടി തൈകൾ നട്ടു പിടിപ്പിക്കുകയാണ് ലക്ഷ്യം. വനംവകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്, ശുചിത്വമിഷൻ, സന്നദ്ധ സംഘടനകൾ, മറ്റ് ഗവ. വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവ ഹരിതകേരളം മിഷന്റെ ഈ യജ്ഞത്തിൽ പങ്കാളികളാകും.

സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും നാളെമുതൽ ഹരിതപെരുമാറ്റച്ചട്ടം അനുവർത്തിക്കുകയാണ്. ഹരിതകേരളം മിഷനും ശുചിത്വ മിഷനും ഇതിനു വേണ്ടി പരിശീലന ബോധവൽക്കരണ പരിപാടികളുൾപ്പെടെ വൻ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. എല്ലായിടത്തും നാളെ ഹരിതപെരുമാറ്റച്ചട്ടം ആരംഭിക്കുന്നതിനു മുന്നോടിയായി പ്രതിജ്ഞ എടുക്കും. ഹരിതപെരുമാറ്റച്ചട്ടത്തിലേ ക്ക് മാറിയതിന്റെ സൂചന നൽകി ഹോർഡിംഗ്സും സ്ഥാപിക്കും. ഹോർഡിംഗ്സ് മാതൃ ക, പ്രതിജ്ഞാ വാചകം എന്നിവ ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയി ട്ടുണ്ട്.

ഇത്തവണത്തെ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഹരിതകേരളം മിഷൻ ഫോട്ടോഗ്രാഫി അവാർഡും സംഘടിപ്പിച്ചിട്ടുണ്ട്. മൊബൈൽ ഫോണിലെടുത്തതുൾ പ്പെടെ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. കേരളത്തിന്റെ ഹരിത സമൃദ്ധി വീണ്ടെടു ക്കുവാനുള്ള പ്രവർത്തനങ്ങളുടെ നേർക്കാഴ്ച നൽകുന്ന ചിത്രത്തിന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് ക്യാഷ് അവാർഡും സാക്ഷ്യപത്രവും ലഭിക്കും. ഓരോ ജില്ലയി ലെയും ഏറ്റവും നല്ലചിത്രത്തിന് പ്രോത്സാഹന സമ്മാനവും നൽകും. ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ (www.haritham.kerala.gov.in) നൽകിയിരിക്കുന്ന സംവിധാ നത്തിൽ ഓൺലൈനായാണ് എൻട്രികൾ അയക്കേണ്ടത്.

03.06.2018

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ